പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടതായി വന്നു. ഇതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റും കാനഡാ ഗവൺമെന്റും തമ്മിൽ ദക്ഷിണ മേഖലാ വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനാവശ്യമായ ഉപദേശം നൽകുവാനായി ഒപ്പ് വച്ച കരാറിന്റെ അടിസ്ഥാനത്തിൽ കാനഡാ ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവണമെന്റും, സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡും ചേർന്ന് ഒപ്പ് വച്ച കരാർ പ്രകാരം 'കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് ഏജൻസി'(സിഡ)യുടെ സഹായംലഭിക്കുന്നുണ്ട്. 'സിഡ'യ്ക്കുവേണ്ടി ഇ.ഐ.എ സ്.പി. എന്ന സ്ഥാപനം സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ആവശ്യപ്പെടുന്ന വിദഗ്ദ്ധ സഹായം ലഭ്യമാക്കുന്നുണ്ട്.

(എച്ച്) അറിയില്ല.

## സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

27 (*57) ശ്രീ. എം. പി. വർഗ്ഗീസ്:
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനകം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുമതി നിഷേധിച്ച പദ്ധതികൾ വീണ്ടും അനുമതിക്കു വേണ്ടി സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(എഫ്) പ്രസ്തുത പദ്ധതികളുടെ ഉല്പാദന ശേഷി എത്രയാണെന്നും ഇതിനു വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി താഴെ പറയുന്ന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. പണി നടന്നു കൊണ്ടിരിക്കുന്ന ജല വൈദ്യുത പദ്ധതികളുടെ പണി യുദ്ധകാലാടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തി വരുന്നു.

2. സ്വകാര്യ മേഖലയിലും ബോർഡ് നേരിട്ടും ജില്ലാ പഞ്ചായത്ത് മുഖേനയും പുതിയ ജല വൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

3. താപ വൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയിലും പൊതു മേഖലയിലും നടപ്പിലാക്കി വരുന്നു.

4. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികൾ നവീകരിച്ച് അതിന്റെ ഉല്പാദനക്ഷമത കൂട്ടുന്നതിന് നടപടികൾ എടുത്തു വരുന്നു.

5. ചൈനീസ് സാങ്കേതിക സാമ്പത്തിക സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കും. അവയിൽ 4 പൈലറ്റ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കുര്യാർകുറ്റി-കാരപ്പാറ ( 84 മെ.വാ.) കുറ്റ്യാടി അഡിഷണൽ എക്സ്റ്റൻഷൻ (100 മെ.വാ.), ചെങ്കുളം ആഗ്മെന്റേഷൻ (84 മെ.വാ.), പൂയംകൂട്ടി (240 മെ.വാ.) മാനന്തവാടി (225 മെ.വാ.), കേരള ഭവാനി (150 മെ.വാ.), പാമ്പാർ (35 മെ.വാ.), കണ്ണൂർ പവർ പ്രോജക്ട് (516 മെ.വാ).

(സി) അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അന്തിമാനുമതി 16-12-1999-ൽ ലഭിച്ചിട്ടുണ്ട്. ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതിക്ക് ഒന്നാം ഘട്ട അനുമതി 27-1-2000-ൽ ലഭിച്ചിട്ടുണ്ട്.. അന്തിമാനുമതി ലഭിക്കുന്നതിലേയ്ക്കായി വനം വച്ചു പിടിപ്പിക്കുന്നതിന് 8.61 ലക്ഷം രൂപ സംസ്ഥാന വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. കുര്യാർകുറ്റി-കാരപ്പാറ, പൂയംകൂട്ടി എന്നീ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ആന്റ് (എഫ്)

| പദ്ധതി | ഉല്പാദന ശേഷി | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| പേപ്പാറ | 3 മെ.വാ. | 618.64 |
| ലോവർ പെരിയാർ | 180 മെ.വാ | 35,093,53 |
| മാട്ടുപ്പെട്ടി | 2 മെ.വാ. | 445.29 |
| പെരിങ്ങൽകുത്ത് (ഇടതുകര) | 16 മെ.വാ. | 4,264.37 |
| കക്കാട് | 50 മെ.വാ. | 15,129.23 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| ബ്രഹ്മപുരം ഡീസൽ പ്രോജക്ട് | 106.6 മെ.വാ. | 47,125.96 |
| കോഴിക്കോട് ഡീസൽ പ്രോജക്ട് | 128 മെ.വാ. | 40,221.27 |
| കായംകുളം എൻ.റ്റി.പി.സി | 350 മെ.വാ. | |
| ബി.എസ്.ഇ.എസ്. | 157 മെ.വാ. | |

**സചിവോത്തമപുരം കോളനിയിലൂടെയുള്ള വൈദ്യുതി ലൈൻ**

28 (*58) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ സചിവോത്തമപുരം കോളനിയിലെ വൈദ്യുതി ലൈൻ വലിക്കുന്നതിനെതിരെ കോളനി നിവാസികൾ നിവേദനം നൽകിയത് എന്നാണ്;

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡ് എടുത്ത തീരുമാനം എന്താണ്;

(ഡി) നേരത്തെ എടുത്ത തീരുമാനം ഇപ്പോൾ മാറ്റിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പുതുതായി എടുത്ത തീരുമാനം എന്താണ്;

(എഫ്) പുതിയ തീരുമാനം എടുക്കാനുള്ള സാഹചര്യം എന്താണ്;

(ജി) കോളനി നിവാസികളുടെ ശക്തമായ എതിർപ്പിനെ അവഗണിച്ച് അധികാരികളുടെ നടപടിക്ക് എതിരെ ശ്രീധരൻ എന്ന വ്യക്തി ആത്മാഹുതി ചെയ്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എച്ച്) ആത്മാഹുതി ശ്രമത്തിനിടയിൽ എത്ര പേർക്ക് പരിക്ക് പറ്റി എന്ന് വ്യക്തമാക്കാമോ;

(ഐ) മരിച്ച ശ്രീധരന്റെ കുടുംബത്തിന് ഇലക്ട്രിസിറ്റി ബോർഡ് നഷ്ട പരിഹാരം നൽകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കോളനി അസോസിയേഷനു വേണ്ടി ശ്രീ.സി.പി.രാജപ്പന്റെ പരാതി 15-11-1998-ൽ ബോർഡിൽ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly